പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3788
25.06.2013-ലെ മറുപടിക്ക്

സംസ്ഥാനത്തെ പെൻഷൻകാർ

ചോദ്യം
ശ്രീ. കെ. അജിത്

ഉത്തരം
ശ്രീ.കെ.എം.മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര പെൻഷൻകാരാണ് ഉള്ളത്; പെൻഷൻ നൽകുന്നതിനായി സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനം തുക ചെലവഴിക്കുന്നു; ഇതിനായി എത്ര തുകയാണ് ചെലവ് വരുന്നത്; വ്യക്തമാക്കുമോ; | സംസ്ഥാനത്ത് ഇപ്പോഴുളള പെൻഷൻകാരുടെ എണ്ണം ശേഖരിച്ചു വരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2012-13 ലെ റവന്യൂ വരുമാനം 43944.17 കോടി രൂപയും പെൻഷൻ ചെലവ് 8866.82 കോടി രൂപയും ആണ്. സംസ്ഥാന വരുമാനത്തിന്റെ 20.18 ശതമാനം തുകയാണ് പെൻഷൻ നൽകുന്നതിനായി ചെലവഴിക്കുന്നത്. |
| (ബി) | സർക്കാർ കണക്കുകൾ അനുസരിച്ച് ഓരോ വർഷവും എത്രപേർ വീതം പെൻഷനാകുന്നു എന്ന് വ്യക്തമാക്കുമോ? | സർക്കാർ കണക്കുകൾ അനുസരിച്ച് ഏകദേശം പതിനയ്യായിരത്തോളം ജീവനക്കാർ ആണ്ടുതോറും പെൻഷനാകുന്നു. |

സെക്ഷൻ ഓഫീസർ.